# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2644 11.10.2011- ൽ മറുപടിക്ക്**

## പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി). |
| പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് : വ്യക്തമാക്കുമോ ? | പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അഴിമതികൾ കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും ഈ വകുപ്പിനു കീഴിൽ ഒരു വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, ആഭ്യന്തര വകുപ്പിനു കീഴിലെ വിജിലൻസ് & ആന്റി കറപ്ഷൻ വിഭാഗവും ധനകാര്യ വകുപ്പിനു കീഴിലെ ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗവും ചീഫ് ടെക്നിക്കൽ എക്സാമിനറും പരാതികളിന്മേൽ നടപടികളെടുക്കുകയും പ്രവൃത്തി നടക്കുന്ന സൈറ്റുകളിൽ മിന്നൽ പരിശോധനയും മറ്റും നടത്തുകയും ചെയ്തു വരുന്നു.<br>ഇതു കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിലെ ക്രമക്കേടുകൾ പരിശോധിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് അഡീഷണൽ സെക്രട്ടറി ഉൾപ്പെടുന്ന ഒരു ഇൻസ്പെക്ഷൻ ടീമും 20.8.2011 – ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1066/11/പൊ.മ.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ